# ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട,

**പേരൂർക്കട.പി.ഒ,തിരുവനന്തപുരം**

**ഫോൺ:: (0471) 2432071** **ഇ-മെയിൽ::** dmhperoorkada@gmail.com


==========================================================

നമ്പർ.ജി3-1921/2025/ജി.മാ.ആ.പേ. തീയതി: 18.02.2025

## ദർഘാസ് പരസ്യം

പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വിവിധ വാർഡുകളിലെ ബെഡ് ഷീറ്റ്, കർട്ടൻ, തലയണ കവർ, ടവൽ, ഗൗൺ മുതലായവ ആവശ്യാനുസരണം സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ട് പോയി അലക്കി വൃത്തിയാക്കി സമയബന്ധിതമായി തിരികെ അതാത് യൂണിറ്റുകളിൽ എത്തിക്കുന്നതിന് (01.05.2025 മുതൽ 31.04.2025 വരെ) താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു.

അടങ്കൽ തുക : **Rs. 4,00,000/-**

ടെൻഡർ ഫാറത്തിന്റെ വില : **800/-രൂപ + 18 % GST**

ടെൻഡർ ഫാറങ്ങൾ വിതരണം ചെയ്യുന്ന അവസാന തീയതി : **04.04.2025**

ടെൻഡർ ഫാറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി : **07.04.2025**

ടെൻഡർ ഫാറങ്ങൾ തുറക്കുന്ന തീയതി : **10.04.2025**

**വ്യവസ്ഥകൾ**

1. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് GST രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും ടി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ടെൻഡർ ഫാറത്തിനൊപ്പം ഹാജരാക്കേണ്ടതുമാണ്.
2. GST ഉൾപ്പെടുയുള്ള നിരക്കുകളിലായിരിക്കണം ടെൻഡർ സമർപ്പിക്കേണ്ടത്.
3. ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ടെൻഡർ തുറന്ന് പരിശോധിക്കുന്നതായിരിക്കും.
4. ടെൻഡർ ഫാറം പൂർണ്ണമായും വ്യക്തമായും പൂരിപ്പിക്കണം.
5. അപൂർണമായ ടെൻഡർ പരിഗണിക്കുന്നതല്ല.
6. ടെൻഡർ ഫാറത്തിന് അടയ്ക്കുന്ന തുക തിരികെ നൽകുന്നതല്ല.
7. ടെൻഡർ ഫാറത്തിന്റെ കവറിനു പുറത്ത് **'തിരുവനന്തപുരം ജില്ലാ മാതൃക ആശുപത്രിയിലെ തുണികൾ അലക്കി വൃത്തിയാക്കി തിരികെ എത്തിക്കുന്നതിനുള്ള ടെൻഡർ'** എന്ന് എഴുതിയിരിക്കണം.
8. ടെൻഡറിനൊപ്പം ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം സിറ്റിയിൽ മാറാവുന്ന 4,000/- (നാലായിരം രൂപ മാത്രം) രൂപയുടെ ഡി.ഡി. സമർപ്പിക്കണം.
9. ടെൻഡർ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണവശാൽ അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മേൽപ്പറഞ്ഞ രീതിയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ടെൻഡർ നടപടികൾ നടത്തുന്നതായിരിക്കും.
10. ടെൻഡർ നടപടികൾ മാറ്റി വയ്ക്കുന്നതിനും ടെൻഡർ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
11. ടെൻഡറിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

**ഡോ. ശ്യാംകുമാർ ബി**
**സൂപ്രണ്ട് ഇൻ ചാർജ്ജ്**

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം) തിരുവനന്തപുരം
4. ജില്ലാ പഞ്ചായത്ത് കാര്യാലയം, തിരുവനന്തപുരം
5. നോട്ടീസ് ബോർഡ്, മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട
6. നോട്ടീസ് ബോർഡ്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്
7. ആരോഗ്യകേരളം (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
8. ഫയൽ/കരുതൽ ഫയൽ